# പുതുക്കത്തിന്റെ അനുഭവത്തിലാകുക

## ലേവ്യപുസ്തകം 26:12

"ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കും; ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവും ആയിരിക്കും."

യിസ്രായേൽ മക്കളോടുള്ള ദൈവത്തിന്റെ വലിയ സ്നേഹവും കരുതലും ആണ് നാം ഈ വാക്യത്തിലൂടെ കാണുന്നത്. ദൈവത്തിന്റെ സ്വന്തജനം എന്ന് വിശേഷിപ്പിക്കുന്ന യിസ്രായേൽ മക്കളോടുള്ള വാഗ്ദത്തം ആണെങ്കിലും, ഇത് എല്ലാക്കാലങ്ങളിലുമുള്ള തന്റെ മക്കളോടുള്ള ദൈവീക വാഗ്ദത്തത്തിന്റെ മനോഹരമായ അനുഭവമാണ്. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഒരോ വ്യക്തിയും അവന്റെ മക്കളാകുന്നു. കർത്താവ് തന്റെ ജനത്തെ 'തിരഞ്ഞെടുക്കപ്പെട്ട ജാതി, സ്വന്തജനം' എന്നാണ് (എബ്രാ.2:9) വിളിക്കുന്നത്. അങ്ങനെയെങ്കിൽ മിസ്രയീമിൽ നിന്ന് വിടുവിച്ച്, തിരികെ കൊണ്ടുവന്ന ജനത്തിന്റെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ദൈവം ഇന്ന് അവന്റെ ജനത്തോട്, തിരഞ്ഞെടുക്കപ്പെട്ട സ്വന്ത ജനത്തോടുകൂടെ, വിശ്വാസിയോടുകൂടി എത്ര അധികമായി വ്യാപരിക്കാനും, സഞ്ചരിക്കാനും മതിയായവനാകുന്നു.

വെളിപ്പാടു പുസ്തകം 2:1 ൽ നാം കാണുന്നു, ഏഴു നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ, തന്റെ സഭയാകുന്ന പൊൻനിലവിളക്കുകളുടെ നടുവിൽക്കൂടി ദൈവം സദാ ജാഗരിക്കുന്നവനാകുന്നു, നടക്കുന്നവനാകുന്നു (യെശയ്യാ 30:20–21). 'ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കുകയില്ല. നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു ഇതിൽ നടന്നു കൊൾവിൻ എന്നൊരു വാക്കു പിന്നിൽ നിന്നു കേൾക്കും'. ഇതാകുന്നു ഒരു ദൈവപൈതലിന്റെ ദിനംതോറുമുള്ള നടത്തിപ്പിന്റെ അതിശ്രേഷ്ഠമായ ചിത്രം.

ഇന്ന് ലോകത്തിൽ വേഗതയേറിയ ഓട്ടത്തിലും തിരക്കിലും പലപ്പോഴും ഉപദേഷ്ടാവിന്റെ കണ്ണിലേക്ക് നോക്കാൻ മറന്നുപോകുന്നവരും, ശബ്ദം കേൾക്കാൻ മന്ദീഭവിക്കുന്നവരും ആയിത്തീരുന്നു. 2000 വർഷങ്ങൾക്കു മുമ്പ് പിതാവാം ദൈവം നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നുവെന്ന് ദൈവവചനത്തിലൂടെ നമുക്ക് വെളിപ്പെടുത്തി തന്നു. അതേ, ആ മകൻ അത്ഭുത മന്ത്രി ആയിരുന്നു. അതിലും ഉപരിയായ ഒരു മന്ത്രിയെ (ഉപദേഷ്ടാവിനെ) **wonderful counseller** നമുക്ക് ലഭിക്കാൻ ഇനി ഇല്ല. ഇന്ന് നമുക്ക് ചുറ്റും ആകർഷിപ്പിക്കുന്ന, അതിശയിപ്പിക്കുന്ന, രസിപ്പിക്കുന്ന അനേക ശബ്ദങ്ങൾ ഉണ്ട് എന്ന് നമുക്കറിയാവുന്ന യാഥാർത്ഥ്യം തന്നെ ആകുന്നു. അതിന്റെ ഇടയിൽ ഞെരുങ്ങി ദൈവശബ്ദം കേൾപ്പാനും, അനുഭവിപ്പാനും, ആശ്രയിപ്പാനും കഴിയുന്നില്ലെങ്കിൽ ഈ

പുതുവർഷം നമുക്കു ദൈവത്തോടു അവന്റെ കരുണയ്ക്കായി പ്രാർത്ഥിക്കാം. ഒരു പുതുനടത്തിപ്പിനും, പുതിയ ദൈവിക അനുഭവത്തിനുമായി കാത്തിരിക്കാം.

വലത്തോട്ടായാലും ഇടത്തോട്ടായാലും കർത്താവിന്റെ ശബ്ദം കേൾക്കാൻ സഹായിക്കണമേ എന്ന വലിയ പ്രാർത്ഥനയോടെ നമുക്ക് ആയിരിക്കാം. കേൾക്കുന്ന ശബ്ദം തിരിച്ചറിയാനുള്ള ദൈവീക പരിജ്ഞാനം നമുക്കായി നൽകപ്പെട്ട 'അത്ഭുത മന്ത്രിയി'ലൂടെ ലഭിക്കും എന്ന ഉറപ്പ് ഒരിക്കൽ കൂടി ഹൃദയങ്ങളിലേക്ക് ഏറ്റെടുക്കാം.

ദൈവം നമ്മെ ഈ ഭൂമിയിൽ തന്റെ മക്കളാക്കി, വേർതിരിച്ചു തിരഞ്ഞെടുത്തു നിർത്തിയിരിക്കുന്നു. അവന്റെ ശബ്ദം കേട്ടുകൊണ്ട് അവന്റെ പാതയിലൂടെ ചരിച്ചുകൊണ്ട് ആരാഞ്ഞുകൂടാത്ത വൻകാര്യങ്ങളും, അത്ഭുതങ്ങളും ജീവിതത്തിൽ അവൻ കാണിക്കുമെന്ന ഉറപ്പോടെ സാക്ഷ്യമുള്ള മക്കളായി ജീവിക്കാൻ വേണ്ടിയുള്ള ഈ തിരഞ്ഞെടുപ്പ് നാം വിസ്മരിക്കാൻ ഇടയാകരുത്. ഓരോ നിമിഷവും ഞാൻ ദൈവപൈതലാണെന്ന യാഥാർത്ഥ്യം, അവന്റെ സാന്നിധ്യം നമ്മുടെ ഇടയിലൂടെ ഉണ്ടെന്ന സുബോധം വരുംകാലങ്ങളിൽ, ദിനങ്ങളിൽ, നിമിഷങ്ങളിൽ നമ്മെ നയിക്കാൻ ഇടയാകട്ടെ. ഒരു പുതുജീവിതത്തിനായി യാഥാർത്ഥ്യത്തോടെയും, നിശ്ചയത്തോടെയും ദൈവകരങ്ങളിൽ കൊടുക്കാം. പ്രാർത്ഥിക്കാം.

**പരാമർശം:**
1 ദിനവൃത്താന്തം 16:8–11

യഹോവെക്കു സ്തോത്രം ചെയ്തു; അവന്റെ നാമത്തെ ആരാധിപ്പിൻ; ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെ അറിയിപ്പിൻ; അവന്നു പാടി കീർത്തനം ചെയ്വിൻ; അവന്റെ അത്ഭുതങ്ങളെ ഒക്കെയും വർണ്ണിപ്പിൻ. അവന്റെ വിശുദ്ധനാമത്തിൽ പുകഴുവിൻ; യഹോവയെ അന്വേഷിക്കുന്നവരുടെ ഹൃദയം സന്തോഷിക്കട്ടെ. യഹോവയെയും അവന്റെ ശക്തിയെയും തേടുവിൻ; അവന്റെ മുഖം നിരന്തരം അന്വേഷിപ്പിൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 134**